ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്.

1) ബേപ്പൂർ കല്ലായി കനാൽ അഭിവൃദ്ധിപ്പെടുത്തൽ : 1080 ലക്ഷം രൂപ

2) വടകര-മാഹി കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ : 1639 ലക്ഷം രൂപ

3) കൊറ്റി-വളപ്പട്ടണം-പറശ്ശിനിക്കടവ് കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ (നബാർഡ് അംഗീകാരത്തിനായി) : 931 ലക്ഷം രൂപ

4) കോട്ടപ്പുറം (കാസർഗോഡ്) കൊറ്റി കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ : 332.44 ലക്ഷം രൂപ.

ഇവയിൽ കോട്ടപ്പുറം കൊറ്റി കനാൽ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടിയുള്ള പദ്ധതിക്ക് ഉപരിതല ഗതാഗത മന്ത്രാലയം 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി, 321.21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

കൂടാതെ കണ്ണൂർ ജില്ലയിലെ സുൽത്താൻ കനാലിലൂടെ ജലഗതാഗതം പുനരാരംഭിക്കുന്നതിന് വശ്യമായ ജോലികൾ പൂർത്തിയാക്കി ഗതാഗതത്തിനു തുറന്നു കൊടുത്തിട്ടുണ്ട്. ഈ കനാൽ പൂർണ്ണമായും നവീകരിക്കുന്നതിനായി 13 കോടി രൂപയുടെ എസ്റ്റിമേറ്റിൽ കൂടുതൽ പണികൾക്ക് അംഗീകാരം നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്.

60 (1166) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം (എ.ഐ.ബി.പി.)

ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം (എ.ഐ.ബി.പി.) പദ്ധതിയിൻ കീഴിൽ കേന്ദ്ര സഹായം ലഭിക്കുന്നതിന് സംസ്ഥാനത്തെ ഏതെല്ലാം ജലസേചന പദ്ധതികളെ ഉൾപ്പെടുത്തും എന്ന് അറിയിക്കുമോ;

(ബി) ഇതിനുവേണ്ടിയുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്നും അറിയിക്കുമോ?

ഉത്തരം

(എ)&(ബി)സംസ്ഥാനത്തെ വൻകിട ജലസേചന മേഖലയിൽപ്പെട്ട മൂവാറ്റുപുഴ നദീതട പദ്ധതി, പെരിയാർ നദീതട പദ്ധതി എന്നിവയ്ക്ക് എ.ഐ.ബി.പി.യുടെ കീഴിൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കല്ലട ജലസേചനപദ്ധതിക്ക് 1997-98 വർഷം മുതൽ എ.ഐ.ബി.പി. പ്രകാരം ധനസഹായം ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly